(എ) വൈക്കത്തെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ യോഗ്യതയുള്ള ഡോക്ടർമാർ ഇപ്പോഴും ഇല്ല എന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ ആശുപത്രിയിൽ ആവശ്യമുള്ള ഡോക്ടർമാരെ ഉടനെ നിയമിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി

1098 [2027] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി ഒരു പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ?

ഉത്തരം

(എ, ബി) 24-12-1985-ലെ ജി. ഒ. എം. എസ്. 215/85/ആ.കു.വ. പ്രകാരം കുണ്ടുതോട് ഗവൺമെൻറ് ഡിസ്പെൻസറി ഒരു പ്രാഥമികാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

മരുതോങ്കര വില്ലേജിലെ മെഡിക്കൽ സബ് സെൻറർ

1099 [2028] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുതോങ്കര വില്ലേജിൽ ഒരു മെഡിക്കൽ സബ് സെൻറർ പുതുതായി അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പ്രസ്തുത സെൻററിൻെറ പ്രവർത്തനം തുടങ്ങുമെന്ന് പറയുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly